ഉത്തരം

(എ) 30.9.99 വരെ 648 കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30.9.99-ന് ശേഷമുണ്ടായ ഒഴിവുകളുടെ എണ്ണം ശേഖരിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 121 ഒഴിവുകളുണ്ട്.

(സി) ചേർപ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും അന്തിക്കാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും കീഴിലുള്ള കൃഷി ഭവനുകളിൽ യഥാക്രമം മൂന്നും ഏഴും വീതം ഒഴിവുകളുണ്ട്.

(ഡി) ഇല്ല.

(ഇ) ഒഴിവുകൾ യഥാസമയം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തിവരുന്നുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പച്ചക്കറിയുടെ കമ്പോളവില

**138(1965)** ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിയുടെ കമ്പോള വില ഉയരാതിരിക്കുവാനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പച്ചക്കറിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയിലെത്തുക വഴി, കമ്പോളവില പിടിച്ചു നിറുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പാക്കി വരുന്നത്. ഇതിനും പുറമേ ഹോർട്ടികോർപ്പ് സ്റ്റാളുകൾ 20% വിലക്കുറവിൽ പച്ചക്കറികൾ വിൽക്കുന്നു.

(ബി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതി പ്രകാരം 10.5 കോടി രൂപ ചെലവഴിച്ചു.

## കൃഷി ഓഫീസർ നിയമനം

**139(1966)** ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly